**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **30-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവൽക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിച്ച അക്കേഷ്യ തുടങ്ങിയ മരങ്ങൾ പരിസ്ഥിതിക്ക് ഗുണകരമല്ലാത്തതിനാൽ ഇവ നശിപ്പിച്ച് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതിയുണ്ടോ; | (എ) | അക്കേഷ്യ തുടങ്ങിയ മരങ്ങൾക്ക് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ നിലവിൽ പദ്ധതികളൊന്നും തന്നെ ഇല്ല. |
| (ബി) | വൃക്ഷവൽക്കരണം വർദ്ധിപ്പിക്കുന്നതിന് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടുന്ന ലക്ഷക്കണക്കിന് വൃക്ഷതൈകളുടെ അതിജീവന നിരക്ക് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഉത്പാദിപ്പിച്ച് വിതരണംചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 കാലഘട്ടങ്ങളിൽ വിതരണം ചെയ്ത തൈകളുടെ അതിജീവന നിരക്കിന്റെ ശതമാനം മേൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |
| (സി) | തടിയാവശ്യം നിറവേറ്റാൻ കാർഷിക വനവൽക്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | തടിയാവശ്യം നിറവേറ്റുന്നതിനായി പ്രത്യേക കാർഷിക വനവൽക്കരണ പരിപാടി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ ഹരിത കേരളം പദ്ധതി മുഖേന 2019-20 വരെ 760.63 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്ന |

| | | | |
|---|---|---|---|
| | | | ഉദ്ദേശലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. സാമൂഹിക വനവൽക്കരണത്തിൻ കീഴിൽ നടപ്പാക്കപ്പെടുന്ന എല്ലാ പദ്ധതികളും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നവയാണ്. |

സെക്ഷൻ ഓഫീസർ